നെല്ലിന്റെയും നാളികേരത്തിന്റെയും ഉൽപാദന വർദ്ധനവ്

5 [*209] ശ്രീ. ചെർക്കളം അബ്ദുള്ള:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ പ്രധാന കൃഷികളായ നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനം വർഷംപ്രതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. ഈ കൃഷികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ട ചില നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ലിന്റെയും നാളികേരത്തിന്റെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം നടത്തുന്നതിനെതിരെ നടപടി

6 [*210] ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വർക്കല കഹാർ:
,, ഡോ: എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതി മോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ എത്ര വൈദ്യുതി ഉപയോഗിച്ചെന്ന് തിട്ടപ്പെടുത്തുന്നതാരാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുതി മോഷണം ഫലപ്രദമായി തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) വൈദ്യുതി വിതരണ വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള ഉദ്യാഗസ്ഥൻമാരെയും ആന്റി പവർ തെഫ്റ്റ് സ്കാഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള ഉദ്യാഗസ്ഥൻമാരെയും വൈദ്യുതി മോഷണം തിട്ടപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) (1) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനെ ശക്തിപ്പെടുത്തി.

(2) വിതരണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും എച്ച്. ടി. മീറ്റർ ഇൻസ്പെക്ഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നേരിട്ട് എച്ച്. ടി. ഉപഭോക്താക്കളുടെ ഇൻസ്റ്റലേഷൻ നിരന്തരമായി പരിശോധിക്കുന്നു.

(3) എല്ലാ എച്ച്. ഡി. ഉപഭോക്താക്കളുടെയും ടി. ഒ. ഡി. മീറ്ററുകളും കറന്റ് ട്രാൻസ്ഫോർമറുകളും എ. ബി. സ്വിച്ചും സീൽ ചെയ്യുന്നതിന് നടപടി എടുത്തു പൂർത്തിയാക്കി.

(4) എച്ച്. ഡി. ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം സബ്സ്റ്റേഷനുകളിലെ പാനൽ റീഡിംഗ് ഉപയോഗിച്ച് ആഡിറ്റ് നടത്തി മോഷണസാദ്ധ്യതകൾ കണ്ടെത്തുന്നു.

(5) ആന്റിപവർ തെഫ്റ്റ് സംബന്ധിച്ച കേസുകൾ കേട്ട് തീരുമാനം എടുക്കുന്നതിന് നാല് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

ചെറുകിട കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

7 [*211] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ് :
,, കെ. എ. ചന്ദ്രൻ :
,, പ്രൊഫ: കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു എന്നു വിശദമാക്കാമോ;

(ബി) ഈ നടപടികൾകൊണ്ടു ചെറുകിട നാമമാത്ര കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളുണ്ടായി എന്നു പറയുമോ;

(സി) ചെറുകിട നാമമാത്ര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുവാനും, അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുവാനും ഒരു കമ്മീഷനെ നിയമിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ):

(എ & ബി) ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമത്തിനുവേണ്ടി കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും അതുമൂലം ഉണ്ടാവുന്ന പ്രയോജനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) മേൽ വിവരിച്ചതുപോലെയുള്ള വിവിധ നടപടികൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നതിനാൽ ഇതിനായി ഒരു പ്രത്യേക കമ്മീഷനെ നിയമിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly